ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ നാലു വർഷങ്ങളിൽ 242 ചെറുകിട വ്യവസായങ്ങളെ പീഡിത വ്യവസായ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 161 എണ്ണത്തെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം പുനഃരുദ്ധരിച്ചിട്ടുണ്ട്. ഇത് രജിസ്റ്റർ ചെയ്യപ്പെട്ട പീഡിത വ്യവസായങ്ങളുടെ 66.5% ആണ്. പീഡിത വ്യവസായ പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട 2312 യൂണിറ്റുകൾ ഉണ്ട്. ഇവയെല്ലാം തന്നെ ചെറുകിട വ്യവസായ യൂണിറ്റുകളാണ്. ഇവയിൽ പലതും പുനരുദ്ധാരണ സാദ്ധ്യതയില്ലാത്തതായതുകൊണ്ട് പൂട്ടിപ്പോയിട്ടുണ്ട്. നല്ലൊരു വിഭാഗം യൂണിറ്റുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തികമായ ബാദ്ധ്യതകൾക്ക് 'ഒ. ടി. എസ്.' അനുവദിപ്പിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുംവഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച തനിമ പദ്ധതി

99 [206] *ശ്രീ. കെ. സുധാകരൻ:*
„ *ജോർജ് ജെ. മാത്യു:*
„ *ടി. എൻ. പ്രതാപൻ:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
„ *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച തനിമ പദ്ധതിക്ക് അനുമതി ലഭിച്ചുവോ;

(ബി) ലഭിച്ചെങ്കിൽ ഈ പദ്ധതി പ്രകാരം എന്തെല്ലാം സംരംഭങ്ങളാണ് കൈത്തറി മേഖലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി എന്തു ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പദ്ധതിക്ക് 14.64 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly